
WISDOM




rovidence can provide
ovidence did provide
ovidence will provide
nost merciful
d all provident God,
our prayers
d grant our petitions
Amen



# MOTHER MARY VERONICA
## Foundress of the Apostolic Carmel

# MESSAGE



***This Magazine provides a platform to bring the hidden talents of our students which in turn helps the all round development of their personality.***

***I wish that you may grow in wisdom day by day radiating the goodness and true wherever you are. May God Bless you to become responsible citizens of our Mother Land to touch the Heart of many through your acts of Love and Wisdom.[1]***

1

# ആശംസകൾ



അറിവിന്റെ വാതായനങ്ങൾ ഒരിക്കലും കൊട്ടിയടയ്ക്കപ്പെടുന്നില്ല. അറിവിനായുള്ള അന്വേഷണത്തിനൊടുവിൽ കണ്ടെത്തിയ ചില സത്യങ്ങളെ ഭാവാത്മകമായി ചിത്രീകരിച്ചിരിക്കുന്ന"WISDOM" മാഗസിൻ , കുട്ടികളുടെ സർഗ്ഗാത്മകതയുടെ തെളിവാണ്. വായനക്കാരിലെത്തിക്കാനുള്ള അവരുടെ ശ്രമം വിജയകരമായിത്തീരട്ടെയെന്ന് ആശംസിക്കുന്നു.

SITC

**റെയ്സി കെ.ജെ.**

WISDOM




PGHSS


PARVATHI NAMBIAR
VII-C

# എഡിറ്റോറിയൽ ബോർഡ്



ഹെഡ്മിസ്ട്രസ്സ് : സിസ്റ്റർ. ജാസ്മിൻ ഇ എ

ചീഫ് എഡിറ്റർ : ശ്രീമതി. റെയ്സി.കെ.ജെ


അസോസിയേറ്റ് എഡിറ്റർ : ശ്രീമതി.മേരി സോണിയ

സ്റ്റുഡൻറ് എഡിറ്റർ : കുമാരി. നിദ.എസ്

കുമാരി. ആദിത്യ

കുമാരി. ഹസ്ന ഹിബ.ബി

കുമാരി. പാർവ്വതി നമ്പ്യാർ



# താളുകളിലൂടെ

- വിദ്യാലയം പ്രതിഭകളോടൊപ്പം
- ലിറ്റിൽ കൈറ്റ്സ്
- കാവ്യ ധനുസ്സ്
- സ്നേഹം
- എൻെറ സങ്കല്പത്തിലെ ബഹിരാകാശയാത്ര
- അവളുടെ കണ്ണുകളിൽ നക്ഷത്ര പൂക്കൾ വിടർന്നു
- അമ്മ എന്ന തേൻകനി
- അനാഥ ബാല്യങ്ങൾ
- കണ്ണീർ ഓർമ്മയിൽ
- കോഴിക്കോട്
- അതിരില്ലാത്തവർ, എതിരില്ലാത്തവർ
- നിറച്ചാർത്ത്

# എഡിറ്റോറിയൽ

**ഭാവിയുടെ വാഗ്ദാനങ്ങളായ പൂക്കളാണ് കുട്ടികൾ. സാങ്കേതികവിദ്യക്ക് അത്യധികം കുതിപ്പുണ്ടായ ഈ കാലത്ത് വിവരസാങ്കേതികവിദ്യയിൽ ഭാവിയെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന ഒരു കൂട്ടായ്മയാണ് ലിറ്റിൽ കൈറ്റ്സ്.ഒരു പൂവ് സൃഷ്ടിയെടുക്കുമ്പോൾ ഉണ്ടാകുന്ന കൊച്ചു കൊച്ചു സംശയങ്ങളും ഉത്തരങ്ങളും ആശയങ്ങളും അക്ഷരചാർത്തിലൂടെ മനോഹരമായി ഒരു കൊച്ചു മാഗസിനിൽ ഉൾപ്പെടുത്തിയിരിക്കുന്നു.തൻെറ കൊച്ചു കഴിവുകൾ മറ്റുള്ളവരുടെ അറിവിലേക്ക് കൊണ്ടെത്തിക്കാൻ സഹായിച്ച ഒത്തിരി കൊച്ചുകലാകാരൻമാർ നമ്മുടെ ചുറ്റുപാടിലുണ്ടെന്ന് ബോധ്യപ്പെടുത്തുകയാണ് ഞങ്ങൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിനായ "WISDOM".ഒരു വിളക്ക് പരത്തുന്ന പ്രകാശംപോലെ ഞങ്ങൾ സമർപ്പിക്കുന്ന ഈ മാഗസിൻ തികച്ചും ഉപയോഗപ്രദവും ഒരു പ്രചോദനവും ആയിതീരുമെന്ന് വിശ്വസിക്കുന്നു.അറിവിൻെറ വെളിച്ചം പരത്തുന്ന വിളക്കായി മാറട്ടെ ഈ മാഗസിൻ....**

# വിദ്യാലയം പ്രതിഭകളോടൊപ്പം

പ്രൊവിഡൻസ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ വിദ്യാലയം പ്രതിഭ യോടൊപ്പം എന്ന പദ്ധതിയുടെ ഭാഗമായി നവംബർ 13 വിദ്യാർത്ഥിയും ദേശീയ തലത്തിൽ മികച്ച ബാസ്കറ്റ്ബോൾ താരവുമായ തിരുണയെ പൂച്ചെണ്ട് നൽകി ആദരിച്ചു.



കളിയും പഠനവും മികച്ച രീതിയിൽ ഒരുമിച്ച് കൊണ്ടു പോകുവാൻ സാധിക്കുമോ കുട്ടികളുടെ ചോദ്യത്തിന് മറുപടിയായി തൻെറ വിദ്യാലയ അനുഭവങ്ങൾ പങ്കുവെച്ചു. പ്രൈമറി ക്ലാസ്സിൽ തൻറെ കഴിവ് കണ്ടെത്തി വളർത്തുകയും വിജയപരാജയങ്ങൾ സമചിത്തതയോടെ കൂടി പ്രവർത്തിക്കുവാൻ അയക്കുകയും ചെയ്ത സുബ്രഹ്മണ്യ സാറിനെ പ്രത്യേകം അനുസ്മരിച്ചു. തൻെറ വിജയത്തിൽ ടീച്ചഴ് സിനും മാതാപിതാക്കൾക്കുമുള്ള പങ്ക് വെളിപ്പെടുത്തി. കായിക ഇനങ്ങളിൽ പെൺകുട്ടികൾ ഇനിയും മുന്നേറാനുണ്ടെന്നും അതിനായി ഓരോരുത്തരും പറഞ്ഞു. തിരുണയയുമായുള്ള സംഭാഷണം കുട്ടികളിൽ വലിയ താല്പര്യം ഉണർത്തി. ഈ ചടങ്ങിൽ അധ്യാപികമാരായ ബിന്ദു, റെയ്സി എന്നിവരോടൊപ്പം ബാസ്കറ്റ് ബോൾ ടീം അംഗങ്ങൾ അടക്കം 15 വിദ്യാർഥിനികൾ പങ്കെടുത്തു.



കലാരംഗത്ത് ശോഭിച്ച നിൽക്കുന്ന കോഴിക്കോടിൻെറ ഗായകൻ ശ്രീ. സുനിൽകുമാറിനെ 20-11-19 ന് ആദരിച്ചു. അധ്യാപികമാരായ ഗ്രേസ് ഷാലറ്റ്, മിനി എന്നിവരോടൊപ്പം പി ടി എ പ്രസിഡണ്ട് ശ്രീ. ജോലി ജെറോം, സ്കൂൾ ഗായക സംഘവും ശ്രീ. സുനിൽ കുമാറിൻറെ ഭവനത്തിൽ ചെന്ന് പൊന്നാട അണിയിക്കുകയും സ്കൂളിൻറെ ആദരവ് അറിയിക്കുകയും ചെയ്തു . രണ്ടുമണിക്കൂറോളം വിദ്യാർഥിനികളുമായി സംവദിക്കുകയും അവരുടെ സംശയങ്ങൾക്ക് മറുപടി നൽകുകയും ചെയ്തു. മനോഹരമായ ഗാനം ആലപിച്ച് അനുഭൂതിയിൽആഴ്ത്തി വിദ്യാർഥിനികളായ അദ്വൈത ,സാന്ദ്ര, പാർവതി തുടങ്ങിയവർ ഗാനമാലപിച്ച . വളരെ ആസ്വാദകരമായ മണിക്കൂറുകളാണ് ഗായകൻെറ ഭവനത്തിൽ ചിലവഴിച്ചത് . ഗായകന് ലഭിച്ച പുരസ്കാരങ്ങളും മറ്റും ഫോട്ടോ എടുക്കുകയും ഗായകനോടൊപ്പം നിന്ന് ഫോട്ടോ

**എടുക്കുകയും ചെയ്തു. ശ്രീ. സുനിൽ കുമാറിൻറെ മകളും പ്രോവിഡൻസ് പൂർവ്വ വിദ്യാർത്ഥിനിയുമായ അനാമികയുടെ സാന്നിധ്യവും ആദരിക്കൽ ചടങ്ങിന് മാറ്റുകൂട്ടി.**



**പ്രോവിഡൻസ് ഗേൾസ് ഹൈസ്കൂൾ വിദ്യാർത്ഥികൾ അധ്യാപികമാരായ ബിന്ദു, റോഷ്നി, പിടി എ വൈസ് പ്രസിഡൻറ് ശ്രീ .അനീഷ്, മദർ പി ടി എ ശ്രീമതി അലീഷ എന്നിവർ CWRDM ലെ ശാസ്ത്രജ്ഞൻ ശ്രീ .മാധവൻ ഹോമത്തിന് വീട്ടിലെത്തി ആദരിച്ചു. പിടിഎ വൈസ് പ്രസിഡൻറ് ശ്രീ. അനീഷ് പൊന്നാട അണിയിച്ചു.**

**ശാസ്ത്രജ്ഞനാകാൻ ഉണ്ടായ സാഹചര്യങ്ങളും ഔദ്യോഗിക ജീവിതത്തിലെ മറക്കാനാവാത്ത അനുഭവങ്ങളും പങ്കുവെച്ചു. ജല പരിശോധനയുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് മറുപടി നൽകി.E.coli,Coliform എന്നീ ബാക്ടീരിയകളുടെ സാന്നിധ്യം നമ്മുടെ ജലസ്രോതസ്സുകളിൽ കൂടുതൽ കാണുന്നുണ്ടെന്നും ജലസ്രോതസ്സുകൾ മലിനപ്പെടുത്തുന്നവെന്നും ഇതിനുള്ള പരിഹാരമാർഗങ്ങൾ എന്തെല്ലാമെന്ന് കുട്ടികൾക്കു പറഞ്ഞു കൊടുത്തു ജലസംരക്ഷണത്തിൻെറ ആവശ്യകതയെ കുറിച്ച് മാധവൻ സാർ കുട്ടികൾക്ക് വേണ്ടത്ര മാർഗ്ഗനിർദ്ദേശം നൽകി. 2 മണിക്കൂറുകളോളം ശാസ്ത്ര പ്രതിഭയോടൊപ്പം ചിലവഴിക്കാനും അവരുടെ ഹൃദ്യമായ സൽക്കാരത്തിൽ പങ്കുകൊള്ളുവാനും സാധിച്ചത് കുട്ടികൾക്കും അധ്യാപിക മാർക്കും നല്ലൊരു അനുഭവമായിരുന്നു.**

# ലിറ്റിൽ കൈറ്റ്സ്

വളർന്നു വരുന്ന ഈ സമൂഹത്തിൽ സാങ്കേതികവിദ്യ കുട്ടികൾ സ്വായത്തമാക്കേണ്ടതിൻെറ ആവശ്യകത മനസ്സിലാക്കി കൊണ്ട് സ്കൂളിൽ പ്രവർത്തിക്കുന്ന ഒരു കൂട്ടായ്മയാണ് ലിറ്റിൽ കൈറ്റ്സ്. കൈറ്റിന്റെ നേതൃത്വത്തിലുള്ള കേരളത്തിലെ പൊതുവിദ്യാലങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ അംഗങ്ങളായുള്ള പദ്ധതിയാണ് ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ്ബുകൾ.ജൂൺ 22 ന് സുരേഷ് സാറിൻെറ നേതൃത്വത്തിൽ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾക്കായ് ഏകദിന ശില്പശാല സംഘടിപ്പിച്ചു.ഐ ടി സാങ്കേതികവിദ്യയുടെ അടിസ്ഥാനപരമായ കാര്യങ്ങളും,സക്രാച്ച് പ്രോഗ്രാമും,സോഫ്റ്റവെയർ സെറ്റിങ്സും പഠിക്കുവാനുള്ള ഭാഗ്യം ലിറ്റിൽ കൈറ്റ്സ് കുട്ടികൾക്കുണ്ടായി. ഇതിൻെറ ഭാഗമായി എല്ലാ ബുധനാഴ്ച്ചകളിലും ലിറ്റിൽ കൈറ്റ്സ് അധ്യാപകരായ റെയ്സി മിസ്സിൻെറയും സോണിയ മിസ്സിൻെറയും നേതൃത്വത്തിൽ ക്ലാസ്സുകൾ നടത്തിക്കൊണ്ടിരിക്കുന്നു. ഒക്ടോബർ 5 ന് സെൻ്റ് ജോസഫസ് സ്കൂളിലെ അധ്യാപകനായ സുഭാഷ് സാറിൻെറ പരിശീലനം കുട്ടികൾക്ക് ലഭിക്കുകയുണ്ടായി.ഈ ക്ലാസ്സിലൂടെ ആനിമേഷനും, വീഡിയോ എഡിറ്റിങ്ങും, സക്രാച്ച് പ്രോഗ്രാമും പഠിക്കാൻ സാധിച്ചു.



ഐ ടി ഫെയറിൻെറ ഭാഗമായി നടന്ന ഡിജിറ്റൽ പെയിൻെറിങ്ങും, ഡിജിറ്റൽ പൂക്കള മത്സരത്തിലും ലിറ്റിൽ കൈറ്റ്സിലെ കുട്ടികൾക്ക് പങ്കെടുക്കുവാൻ സാധിച്ചു.വളരെ താത്പര്യത്തോടും ഊർജസ്വലതയോടുംകൂടി കുട്ടികൾ ഈ ക്ലബിൽ പ്രവർത്തിക്കുന്നു.



WISDOM




PGHSS

# കാവ്യ ധനുസ്

മറക്കില്ല ഞാൻ ഒരിക്കലും ആദിനം മറക്കില്ല നാം

ചിറകറ്റു വീണ പെൺകിളിയെ പോലെ ഇനിയും

ഒരു തീരാ ദു:ഖമായ് എൻ മനം നോവുന്നു

എൻ മനം കേഴുന്നു

ഇനിയുണ്ടാകുമോ ആ ഗോതമ്പ് മണികൾ

നീലകണ്ണുകൾ കേഴുന്നു

ആ മയിൽ പീലികൾ കേഴുന്നു

ആ മൂന്നക്ഷരം മായാതെ നിൽക്കുന്നു.

മറക്കില്ല മലയാളി ആ കാവ്യ ധനുസ്സിനെ

എൻ മനസ്സിന്റ അടിത്തട്ടിലെ രേഖാചിത്രത്തിന്

ഒരായിരം പൂച്ചെണ്ടുകൾ അർപ്പിക്കുന്നു.

സ്മരിക്കുന്നു ഞാൻ ഈ നിമിഷം കൂപ്പുകൈകളാൽ

മലയാളിമനസ്സിൽ നിന്ന് മായില്ല.........

ഒ.എൻ.വി മറക്കില്ല

11

ഉയർത്തേണമാവളയണിഞ്ഞ കൈകൾ

ഒരുമിച്ചൊന്നായ് അണിചേർന്നിടാം

ഒരു നല്ല നാളേക്കായ്...........

# സ്നേഹം

മഴയെ മനസ്സിൽ വേണ്ടിവന്നു

കടല് പോലെ മനസ്സിലായി

ആയിരുന്നെങ്കിൽ മനസ്സിൽ വന്നിരുന്നു

തളരുന്ന വേളയി ആശ്വാസമായി

ഏകാന്ത വേളയിൽ മനസ്സിലാവാൻ തയ്യാറായി

ആദ്യമായി ആശ്വാസമായിരുന്നു

കരയുന്ന നേരത്ത് ആത്മാർത്ഥമായി ആശ്വാസമായി

മഴ മനസ്സിൽ പെയ്യുന്നു

ഒരു മാറി സൂര്യ താളമായി

# എന്റെ സങ്കല്പത്തിലെ ബഹിരാകാശയാത്ര

അതാ ,ഞാൻ ബഹിരാകാശത്തു എത്തിയിരിക്കുന്നു . ബഹിരാകാശ വാഹനത്തിന്റെചില്ല ജനാലയിലൂടെ ഞാൻ നോക്കി. നീലനിറമുള്ള ഒരു ജീവി. നീല ദേഹം, വെള്ള തല ഒഴുകി നീണ്ടുകയും അതിനനുസരിച്ച് രൂപം മാറുകയും ചെയ്യുന്ന കൈകാലുകൾപോലെയുള്ള അവയവങ്ങൾ അത് പേടകത്തിന്

അരികെ നീന്തിതുടക്കുകയായിരുന്നു. കൗതുകത്തോടെ ഞാൻ അതിനെ നോക്കി നിന്നു. ആ വിചിത്ര ജീവിയെ നോക്കിക്കൊണ്ട് ഞാൻ ഏറെ നേരം നിന്നും. അപ്പോഴതാ അതുപോലെ മൂന്ന് ജീവി വീണ്ടും വരുന്നു അവർ മൂന്ന് പേരും എന്റെ സഞ്ചാര പേടകം സ്പർശിച്ച് പരിശോധന തുടങ്ങി. ചിലർ അത് സ്പർശിച്ച് നോക്കുന്നു. മറ്റുചിലർ സ്പർശിക്കുന്നത് പോലെ കൊമ്പുകളുടെ അറ്റത്തുള്ള യൂണിയൻ കണ്ണുകൾ കൊണ്ട് പേടകത്തെ സ്പർശിക്കുന്നു . ആകെ ബഹളം തന്നെ അവർ എന്തെങ്കിലും ശബ്ദം പുറപ്പെടുവിക്കുന്ന ഉണ്ടോ എന്നറിയാൻ എനിക്ക് ആകാംക്ഷ തോന്നി. പക്ഷേ പേടകത്തിന് പക്ഷേ പേടകത്തിൽ പുറത്തുള്ള ശബ്ദമില്ല പെട്ടെന്നാണ് എനിക്ക് ഓർമ്മ വന്നത്.

പേടകത്തിന് പുറത്തുള്ള ശബ്ദങ്ങൾ അളക്കാൻ എടുക്കുന്ന ഒരു ശബ്ദ മാപിനി ഞാൻ കൊണ്ടുവന്നിട്ടുണ്ട്. ഞാൻ ആ ശബ്ദ മാപിനി എടുത്തു ജീവികൾ പേടകത്തിൽ തൊടുന്ന ഭാഗത്തേക്ക് ചേർത്ത് പിടിച്ചു. മാപിനിയുടെ സ്വിച്ച് അമർത്തിയപ്പോൾ ചില തരംഗങ്ങൾ പേടകത്തിന് പുറത്തേക്ക് പ്രവഹിച്ചു. അവ നിമിഷങ്ങൾക്കകം പുറത്തെ ശബ്ദം താരങ്ങളെല്ലാം അകത്തേക്ക്

കടന്നു. ചെവിയിലേക്ക് പറന്നുയരുന്ന വിമാനത്തിൻറെ

ഇതുപോലെയുള്ള ശബ്ദങ്ങൾ അകത്തേക്ക് വരാൻ തുടങ്ങി.
ഇതെന്തു വിചിത്ര ശബ്ദമാണിത് ജീവികൾക്ക് കാണാനുള്ള

പോലും ഇവയെ കേൾക്കാൻ ഇല്ലല്ലോ എന്ന് എനിക്ക് തോന്നി.

പേടകത്തിലെ ക്യാമറ ഉപയോഗിച്ച ജീവികളുടെ അനേകം

ചിത്രങ്ങൾ ഞാൻ എടുത്തു അവയുടെ ശബ്ദവും റിപ്പോർട്ട് ചെയ്തു

സൂക്ഷിച്ചു. ബഹിരാകാശ പേടകത്തിലെ കൗതുകം അവസാനിച്ച

ജീവികൾ മറ്റൊരു ദിക്കിലേക്ക് നീങ്ങി. ഞാനെൻറെ

പേടകവുമായി ഭൂമിയിലേക്ക് കുതിച്ചു.

അഷ്മിക

# അവളുടെ കണ്ണുകളിൽ നക്ഷത്ര പൂക്കൾ വിടർന്നു

അന്ന് ആദ്യമായിട്ട് അവളുടെ കണ്ണുകളിൽ നക്ഷത്ര പൂക്കൾ നിറഞ്ഞു .അതിന്റെകാരണം എന്താണെന്ന് ആർക്കും അറിയില്ലായിരുന്നു അതിൻറെ കാരണം അവളുടെ അമ്മ അന്വേഷിച്ചപ്പോൾ ആ കഥ അവൾ തുടങ്ങി .ഇപ്പോൾ എനിക്ക് സംസാരിക്കാൻ കഴിയൂ എന്ന് പറഞ്ഞ് അവൾ നിർത്തി .അവളുടെ അമ്മയുടെ കണ്ണുകളിൽ നിന്ന് സന്തോഷം . ജനനംമുതൽ സംസാര ശേഷിയില്ലാത്ത ഒരു 12 കാരി ആയിരുന്നു അവൾ വളരെ പാവപ്പെട്ട ഒരു കുടുംബം. അവളെ ചികിത്സിക്കാൻ കഴിഞ്ഞില്ല .അവളുടെ ജീവിതത്തിലെ ഓരോ നിമിഷവും മനോഹരമാക്കി അവളെ സന്തോഷിപ്പിക്കാൻ സാധിക്കുമെങ്കിൽ അവൾക്ക് സംസാരശേഷിയും ലഭിക്കും എന്ന് ഡോക്ടർ പറഞ്ഞു . അവളുടെ അമ്മയും സഹോദരിയും അവളെ സന്തോഷിപ്പിക്കാൻ വേണ്ടി ശ്രമിച്ച എന്നാലും പ്രയോജനമില്ല. 11 വർഷം അങ്ങനെ കടന്നുപോയി സംസാരശേഷി ഇല്ലാത്തതുകൊണ്ട് കുട്ടികൾ അവളെ ഇതിൻറെ പുറകിൽ വീട്ടിൽ തന്നെ ഇഷ്ടം വീഡിയോ തന്നെ അച്ഛൻ അധ്വാനം അവൾ അവളുടെ പ്രായമുള്ള

കുട്ടികളോടൊപ്പം കളിക്കാനും  പോയ അവളുടെ ജീവിതത്തെ
അവൾ വെറുക്കാൻ തുടങ്ങി തന്നെ ജീവിതം അവസാനിപ്പിക്കും
എന്ന് വരെ ആലോചിച്ച കയ്യിൽ തന്നെയാണ് ലോകത്തെയും
എങ്ങനെ കടന്നു പോയ അവളുടെ ജീവിതത്തെ എന്താണിത്ര
സന്തോഷിപ്പിച്ചത് എന്ന് ചോദിച്ചപ്പോൾ അവർ പറയുന്ന ഉത്തരം
ഇത്രമാത്രം ഞാനിന്ന് പ്രകൃതിയിലൂടെ അവൾ പറഞ്ഞു എന്ന്
ഞാൻ വീട്ടിലിരിക്കുമ്പോൾ മുറ്റത്തേക്കിറങ്ങി നമ്മുടെ മാമൻറെ
താഴെ ഞാൻ മറന്നു നിന്നു അപ്പോൾ അവൾക്ക് വയസ്സ്
തന്നെയാണ് അവൾ അവൾ പറയും സംസാരിച്ച് സംസാരിച്ച്
എനിക്ക് ഇപ്പോൾ അമ്മ ചോദിച്ചതിന് ഉത്തരം പറയാൻ
എങ്കിലും  കഴിഞ്ഞല്ലോ അതിൽ എനിക്ക് വളരെയധികം
സന്തോഷമുണ്ട് എന്ന് അവൾ പറഞ്ഞു അമ്മയ്ക്ക് ഇവിടെ ഒരു
കുറ്റബോധം അവളെ അമ്മയെ വല്ലാതെ അലട്ടി കൊണ്ടിരുന്നു
അത് അമ്മയ്ക്ക് ഭയങ്കര ഭയങ്കര സങ്കടമായിരുന്നു

മേഘ

# അമ്മ എന്ന തേൻകനി

പ്രപഞ്ചത്തിൽ അമ്മയേക്കാൾ വലിയ പോരാളി മറ്റാരുമില്ല ജീവിതത്തിൽ വളരെയധികം കഷ്ടപ്പെട്ടു വഹിച്ച നമ്മളെ വളർത്തുന്ന അവരെ പലപ്പോഴും നമ്മൾ വളർന്നവരുമ്പോൾ ഇതുപോലെ വൃദ്ധസദനങ്ങളിൽ വാർത്തകൾ മക്കൾ അവർക്ക് അമ്മ ആദ്യം നൽകിയ സ്നേഹത്തെ ഓർക്കുന്നില്ല അതുകാരണം ഇന്ന് ഈ ഒരായുഷ്ക്കാലം മുഴുവൻ നാം അവരെ സ്നേഹിക്കാൻ ഇരുന്നാലും നമ്മളെ കഷ്ടപ്പാടിൽ അവൻ സങ്കടം കൊള്ളുകയും നമ്മുടെ വിജയത്തിൽ അവർ സന്തോഷം കൊള്ളുകയും ചെയ്യുന്ന ഇത്രയും കരുണ കാണിക്കുന്ന അവരോട് നമുക്ക് നമുക്ക് എങ്ങനെ ഇത്ര കരുണയില്ലാതെ പെരുമാറാൻ കഴിയുന്നു ഓരോ മാസവും വസ്ത്തുങ്ങൾ വാങ്ങുമ്പോൾ അവർക്കുവേണ്ടി ഒരു 250 രൂപ ചിലവാക്കാൻ കൂടി നാം മടിക്കുന്നു നല്ലവണ്ണം ചിന്തിച്ചാൽ അറിയാം അമ്മയില്ലാതെ വീട്ടിലെ കാര്യങ്ങൾ നമുക്ക് വളരെയധികം ബുദ്ധിമുട്ടാണ് അവൾ ഇല്ലാത്ത വീട് ഉണങ്ങി കിടക്കും ഒരായുഷ്ക്കാലം മുഴുവൻ നമ്മളെ വളർത്തി ഇനി അവർക്ക് വേണ്ടി നമുക്ക് ചെയ്യാൻ പറ്റുന്ന ഒരു നന്ദി എന്ന് പറയുന്നത് അത് അവരുടെ വൃദ്ധ കാലങ്ങളിൽ അവരെ നല്ലവണ്ണം പരിപാലിക്കുക എന്നതാണ്


ANAGHA T P

# കണ്ണീർ ഓർമ്മയിൽ

പ്രകൃതിയാകുന്ന അമ്മ

മാനുഷിക ചിന്തകൾ നടുക്കം

കണ്ണീർ ഓർമയായി മാറി ഇന്ന് അമ്മ

കാടും കടലും സമൃദ്ധിയോടെ ഒഴുകുന്ന

സുന്ദര ഗോളമായി നിന്നിരുന്നു

കള കള നാദമായി കുത്തിയൊഴുകുന്ന

നദികളും പുഴകളും വറ്റിവരണ്ടു

കൊണ്ടു മരുഭൂമിയായി ഓടിയൊളിച്ചു

മാനവപുരോഗതിക്ക് അടിസ്ഥാനമായി

തകിടംമറിയുന്ന പുണ്യഭൂമി

ഭക്ഷണ വിശിഷ്ടം കുമ്പാരമായി നിന്ന്

ദുർഗന്ധം വാസനയെ റി

മാനുഷിക സ്വർഗ്ഗമായി നിന്ന് വയൽ

ആ പാടവരമ്പും മാഞ്ഞുപോയി

കല്യാണ സദ്യകൾക്ക് വാഴയില കൾക്ക്

WISDOM

പ്ലാസ്റ്റിക് പാത്രമായി മാറി മെല്ലെ

അമ്മ മകൻ മുലപ്പാൽ പോലെ ഉള്ള

മാതൃഭാഷ യോ കണ്ണു ചിമ്മി

പൂത്തു നിറഞ്ഞ വൻവൃക്ഷം ശാഖകൾ

എങ്ങുപോയി

ചൂളമടിച്ചു കറങ്ങി നടക്കുന്ന

മാരിവിൽ, മാരുതി എങ്ങുപോയി

കാക്കകളും കിളികളും നീന്തി രസിക്കുന്ന

ഇപ്പോൾ വെറുമൊരു ചിത്രമായി

നീറ്റലോടെ ഉള്ള പിടഞ്ഞെന്നു

ചാവാൻ കിടക്കുന്ന കൊച്ചു പക്ഷി

എന്തിനു ചെയ്തു ഈ നികൃഷ്ടത

റിയ

# അനാഥ ബാല്യങ്ങൾ

"നിൻെറ കണ്ണിലൂടെ ഞാൻ എൻെറ

ലോകം കണ്ടറിഞ്ഞു, വർണ്ണങ്ങൾ

ഒട്ടും വാരി വിതറി ഇല്ലെങ്കിലും

ഉള്ള വർണ്ണങ്ങളിൽ മനോഹരമാക്കി

സ്വന്തം ലോകത്തെ നിറം ഇല്ലെങ്കിലും

അമ്മയുടെ മണമുള്ള ലോകം ആക്കി

മനസ്സിൻറെ  ഏടുകൾ പതിച്ച

കീറിയ പട്ടം പറത്താൻ, തിടുക്കപ്പെടുന്ന

മറു ബാല്യം അനാഥത്വത്തിൻ വാതിൽ തുറന്നു

പുറത്തേക്കു പോകാൻ കുതിക്കുന്ന,

കുഞ്ഞുമനസ്സ്."

വിസ്മയ എസ് മേനോൻ

# നമ്മുടെ കേരളം

മഴയും പുഴയും  വയലേലകളും

തിങ്ങും നല്ലൊരു നാടാണ്

മധുരം  കിനിയും പൊൻ മലയാളം

ചൊല്ലു നല്ലൊരു നാടാണെ

ഭാരത നാടിൻ പുളകം ചാർത്തും

കേരളമെന്നുടെ നാടാണ്

കേരം  തിങ്ങും കേരള നാടിന്

നേരാം നല്ലൊരു ജന്മദിനം.



തേജ നക്ഷത്ര

# കോഴിക്കോട്

കോഴിക്കോട് ജില്ല രൂപീകൃതമായത് 1957 ജനുവരി ഒന്നിനാണ്. കോഴിക്കോട് രാജവംശം അറിയപ്പെട്ടിരുന്നത് നെടിയിരുപ്പ് സ്വരൂപം എന്നാണ്. ബ്രിട്ടീഷ് ഭരണകാലത്ത് മലബാറിൻെറ ആസ്ഥാനമായിരുന്ന കോഴിക്കോട്. അന്ന് ഒന്നിനാണ്. കോഴിക്കോട് രാജവംശം അറിയപ്പെട്ടിരുന്നത് നെടിയിരുപ്പ് സ്വരൂപം എന്നാണ്. ബ്രിട്ടീഷ് ഭരണകാലത്ത് മലബാറിൻെറ ആസ്ഥാനമായിരുന്ന കോഴിക്കോട്. അന്ന്കോഴിക്കോട് ഭരിച്ചത് സാമൂതിരിയാണ്. കിഴക്കിൻെറ സുഗന്ധ ദ്രവ്യങ്ങൾ തേടി വാസ്കോഡ ഗാമ കപ്പലിറങ്ങിയത് കോഴിക്കോട്ടെ കാപ്പാടിലാണ്. അവസാന ചേരമാൻ പെരുമാളായ രാമഖുലശേഖരൻ ഏറനാട്ടിലെ മാനവിക്രമന് സമ്മാനിച്ച പ്രദേശമാണ് കോഴിക്കോട്. 600 വർഷത്ത കച്ചവട പാരമ്പര്യമുള്ള വലിയ അങ്ങാടിയാണ് കോഴിക്കോട് ജില്ലയുടെ ഒരു പ്രധാന ആകർഷണം. നഗര ഹൃദയത്തിനുള്ളിലെ മിഠായി

തെരുവു പാളയം  മാർക്കറ്റും കോഴിക്കോട് ജില്ലയിലെ പ്രധാനം കച്ചവട സ്ഥലങ്ങളാണ്. കോഴിക്കോടിൻെറ ചരിത്രത്തിലെ പ്രധാന സംഭവങ്ങൾ സാക്ഷ്യം വഹിച്ച സ്ഥലമാണ് കോഴിക്കോട് കടപ്പുറം.

കോഴിക്കോട് ജില്ലയിലെ റീജണൽ സയൻസ് സെൻറും, പ്ലാനിറ്റോറിയവും പ്രപഞ്ച രഹസ്യങ്ങളുടെ അത്ഭുത കാഴ്ചകൾ സമ്മാനിക്കുന്ന ഒന്നാണ്. എസ് കെ പൊറ്റക്കാട്, എം ടി, വൈക്കം മുഹമ്മദ് ബഷീർ, തിക്കോടിയൻ, കുഞ്ഞുണ്ണി മാഷ്, യു ഐ ഖാദർ എന്നിവരുടെ നാടാണ് കോഴിക്കോട്.

തേജനക്ഷത്ര

# അതിരില്ലാത്തവർ,എതിരില്ലാത്തവർ

ചിരിയാണെങ്കിൽ അകത്തും, മുഖത്തും ആർത്തുചിരി.

കരച്ചിലാണെങ്കിൽ അകത്തും, മുഖത്തും കരച്ചിലോട്ടുകരച്ചിൽ. അകവും മുഖവും തമ്മിൽ അകലമില്ലാത്ത, അകംപുറമില്ലാത്ത ഉടുപ്പ് പോലുള്ള അവസ്ഥ. ഇതാണ് ഓരോ ശിശുവിൻെറയും അവസ്ഥ. ഭാരതത്തിൻെറ പ്രഥമ പ്രധാനമന്ത്രിയായ ജവഹർലാൽ നെഹ്റുവിൻെറ ജന്മദിനമായ നവംബർ 14 ദേശീയ ശിശുദിനമായി രാഷ്ട്രം ആചരിക്കുമ്പോൾ ശൈശവം, ബാല്യം എന്നീ അനുപമമായ ജീവിത ഘട്ടങ്ങളെ നാം സാകൂതം നിരീക്ഷിക്കുകയാണ്.

ഒരു ശിശു അപാര സാധ്യതകളുടെ സങ്കേതമാണ്. മുതിർന്നവർക്കു സങ്കൽപ്പിക്കാൻ കഴിയാത്ത സാധ്യതകളുടെ സാധ്യതയാണ്, സാധ്യതയുള്ള സാധ്യതയാണ് ശിശുത്വം. ഒരു

ശിശുവിൻറെ ഭാവനയ്ക്ക് അതിരില്ല ,വരയില്ലാത്ത കടലാസ്, ഒന്നും എഴുതാത്ത വൃത്തിയുള്ള സ്ലേറ്റ് എന്നെല്ലാമാണ് ചിന്തകർ ശിശുത്വത്തെ വിളിക്കുന്നത്.

ഭാരതത്തിൻെറ ഭാവി നവബാല്യങ്ങളിലാണ്. ആധുനിക കാലത്തിൻറെ സമസ്ത സാധ്യതകളും ഉപയോഗിച്ച് നമുക്ക് പുതിയ പൗരാവലിയുടെ പാഠാവലികൾ രൂപപ്പെടുത്താം. തരം തിരിവുകളില്ലാത്ത കുഞ്ഞുമനസ്സുകളിൽ മാത്രം നിലനിൽക്കുന്ന അഖണ്ഡ ഭാരതം എന്ന സ്വപ്നവും' വസുധൈവ കുടുംബകം' എന്ന സങ്കല്പവും വർത്തമാനം കാലത്തിലേക്കു വിളിച്ചുണർത്താം. താരതമ്യ ഭേദങ്ങളില്ലാത്ത നിർമല മനസ്സുകൾക്ക് രാഷ്ട്രത്തിൻറെ വിഭവവിതരണം നൽകുന്നതിലും സമത്വവും നീതിയും പുലരട്ടെ ഒരായിരം ആശംസകളോടെ,

പൗർണമി വി എം

WISDOM



PGHSS

# ലിറ്റിൽ കൈറ്റ്സ്



# നിറച്ചാർത്ത്



# കൃതജ്ഞത

ഹൈടെക് വിദ്യാലയ ത്തിന്റെ ഭാഗമായി ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ ഒരുക്കുന്ന ഡിജിറ്റൽ മാഗസിൻ ആണ് **“WISDOM”**. വളരെയധികം സമയം ചെലവഴിച്ച് അർപ്പണ മനോഭാവത്തോടും ആത്മാർത്ഥതയോടും കൂടിയാണ് ഇവർ ഇത് തയ്യാറാക്കിയത്. കഴിവുറ്റ വിദ്യാർത്ഥികളുടെ പലതരത്തിലുള്ള രചനകൾ ആണ് ഇതിലെ പ്രതിപാദ്യം. ഇതിനുപിന്നിൽ ബഹു മാനപ്പെട്ട ഹെഡ്മിസ്ട്രസ്, മറ്റ് അധ്യാപകർ, വിദ്യാർത്ഥികൾ... ഏവരുടെയും പ്രയത്നങ്ങൾക്കും നന്ദി അർപ്പിക്കുന്നു.

ശ്രീമതി.മേരിസോണിയ


ANAGHA.T.P